ശ്രീ. എം. ജിനദേവൻ : എന്റെ നിയോജകമണ്ഡലമായ ഇടുക്കിജില്ല തമിഴ്നാട് അതിർത്തിയിലാണ്. അവിടെ തമിഴ്നാട്ടിലെ തോട്ടംതൊഴിലാളികളും മറ്റുമായിട്ടുള്ള അനേകമാളുകൾ യാത്രാക്ലേശംകൊണ്ട് ബുദ്ധിമുട്ടുകയാണ്. അവിടെ ഒരു അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടി ധാരാളം നിവേദനങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ K.S.R.T.C. ബസ് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞാൽ അതിനുബദലായി അവിടത്തെ R. N. T. C. ക്കാർ ബസ് സർവ്വീസ് നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് R.N.T.C.ക്ക് ബസ് സർവ്വീസിന് അനുവാദം കൊടുക്കുന്നുമില്ല, ആ വഴിക്ക് ബസ് വിടുന്നുമില്ല. അതുകൊണ്ട് ആ പ്രദേശത്തുള്ള ആയിരക്കണക്കിന് ആളുകൾ യാത്രാക്ലേശമനുഭവിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യം പരിഗണിച്ച് തമിഴ്നാട്ടിലെ മധുര, കമ്പം, തേനി, ഉത്തമപാളയം തുടങ്ങിയ സ്ഥലങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ ? അല്ലെങ്കിൽ ബോഡിനായ്ക്കന്നൂർ-തേനി ആയി ഒരു സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇപ്പോൾ നടക്കുന്ന ചർച്ചകളിൽ രാജപാളയം, ശിവകാശി, മധുര, വേളാങ്കണ്ണി, കൊടൈക്കനാൽ, ഊട്ടി, തിരുപ്പൂർ, തിരുനെൽവേലി, നെയ്വേലി, ഉദയമണ്ഡലം തുടങ്ങിയ സ്ഥലങ്ങളിലേക്കും മൂന്നാർ, നെടുങ്കണ്ടം, ഏലപ്പാറ, പീരുമേട് തുടങ്ങിയ സ്ഥലങ്ങളിലേക്കും അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നതിനുവേണ്ടി ചർച്ചകൾ നടക്കുന്നുണ്ട്.

ശ്രീ. വി. കെ. രാജൻ : അന്തർ സംസ്ഥാന സർവ്വീസിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ, ഗുരുവായൂർ, പാലക്കാട്, കോയമ്പത്തൂർ, നാഗൂർ വഴി വേളാങ്കണ്ണിയിലേക്ക് ഒരു ബസ് സർവ്വീസ് ആരംഭിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഈ പുണ്യകേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സർവ്വീസ് തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നുണ്ട്.

അനധികൃതമായി കടത്തുന്ന സ്പിരിറ്റ്

*75. [77] ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എം. ജിനദേവൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻതോതിൽ സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ ശിക്ഷിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) അനധികൃതമായി സ്പിരിറ്റ് കടത്തുന്നു എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ കീഴിൽ, അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനുവേണ്ടി സ്പെഷ്യൽ സ്ക്വാഡുകളും മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തികളിൽ കൂടുതൽ ചെക്ക് പോസ്റ്റുകളും സ്ഥാപിക്കുവാൻ നടപടി കൈക്കൊണ്ടുവരികയാണ്.

(സി) 100 കേസ്സുകളെടുത്തിട്ടുണ്ട്. എത്രപേരെ ശിക്ഷിച്ചു എന്നുള്ളതിന് പൂർണ്ണവിവരം ലഭിച്ചിട്ടില്ല, കിട്ടുന്ന മുറയ്ക്ക് വിവരം നല്കുന്നതാണ്.

ശ്രീ. വി. ജെ തങ്കപ്പൻ : അനധികൃതമായി സ്പിരിറ്റ് കടത്തിക്കൊണ്ടുവന്ന കുറ്റവാളികളെ ആരെക്കെയാണെന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അഞ്ച് കൊല്ലമായി നടത്തിയ കേസ്സിന്റെ ചോദ്യമാണ്. അങ്ങനെയൊരു ലിസ്റ്റ് ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : 100 കേസ്സുകളെടുത്തിട്ടുണ്ട് എന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. അതിനെ സംബന്ധിച്ചാണ് ചോദ്യം. സ്വാഭാവികമായും ഒരു ഉപചോദ്യം അതിനെ സംബന്ധിച്ച് ഉണ്ടാകും എന്ന് ബഹുമാനപ്പെട്ട മന്ത്രി ആൻറിസിപ്പേറ്റ് ചെയ്യണമായിരുന്നു. 100 കേസ്സുകളിലായി കുറേ ആളുകളെ ശിക്ഷിച്ചു എന്നു പറഞ്ഞു, അവരുടെ പേരിൽ എന്ത് ശിക്ഷണ നടപടികളാണ് എടുത്തത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശിവദാസൻ : 100 കേസ്സുകളിലും അനധികൃതമായി കടത്തിക്കൊണ്ടുവന്നത് പിടിച്ചെടുത്തിട്ടുണ്ട് ; അതിനെത്തുടർന്ന് കേസ്സും എടുത്തിട്ടുണ്ട്. കേസ്സിൽ കോമ്പൗണ്ട് ചെയ്യും, കോടതിയിൽ കൊണ്ടുപോകും. അതിന് എന്ത് ശിക്ഷ ഉണ്ടായി എന്നുള്ളതിന്റെ ഡീറ്റെയിൽഡായിട്ടുള്ള വിവരം ശേഖരിച്ചിട്ടില്ല. അത് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഫോണിന്റെ അസൗകര്യംകൊണ്ട് എല്ലാ ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സിലെയും കേസ്സുകളെ സംബന്ധിച്ചുള്ള വിവരം ലഭിക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : സ്പിരിറ്റും വാഹനവും പിടിച്ചെടുക്കുമെന്നു പറഞ്ഞു. അങ്ങനെ സ്പിരിറ്റ് കടത്തിക്കൊണ്ടുവന്ന ഏതെങ്കിലും വാഹനങ്ങൾ പിടിച്ചതിനുശേഷം തിരിച്ച് ഉടമസ്ഥർക്ക് കൊടുത്ത സംഭവമുണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ബാങ്ക് ഗാരൻറിയിൻമേൽ നാലഞ്ച് വാഹനങ്ങൾ കൊടുത്തിട്ടുണ്ട്. വാഹനത്തിനും ലിക്വറിനും കൂടി അസസ്സ് ചെയ്യുന്ന വിലയുടെ അടിസ്ഥാനത്തിൽ ബാങ്ക് ഗ്യാരൻറി നല്കുന്നു. അങ്ങനെ അഞ്ചോളം കേസ്സുകളിൽ കൊടുത്തിട്ടുണ്ട്.

ശ്രീമതി പി. ദേവൂട്ടി : നമ്മുടെ സംസ്ഥാനത്തെ മന്നം ഷുഗർ മില്ലിനു വേണ്ടി സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നതിന് ലൈസൻസ് കൊടുത്തതിൽ കൂടുതൽ ഇറക്കുമതി ചെയ്യുകയും, അത് പിടിക്കപ്പെടുകയും ചെയ്ത കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : കൊടുത്തതിൽ കൂടുതൽ ആ ഡിസ്റ്റിലറി ഇറക്കുമതി ചെയ്തതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. ദേവൂട്ടി : ഈ വർഷം സംസ്ഥാനത്ത് എത്രപേർക്കാണ് സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നതിന് ലൈസൻസ് കൊടുത്തിട്ടുള്ളത് ? അത് ആർക്കൊക്കെയാണ് ?

ശ്രീ കെ. ശിവദാസൻ : ഇത് പൊതുമേഖലാസ്ഥാപനങ്ങൾ വഴിയാണ് വരുന്നത്. പൊതുമേഖലാസ്ഥാപനങ്ങളിൽ മൂന്ന് ഡിസ്റ്റിലറികളുണ്ട്. അവർക്കാണ് കോട്ടയായി കിട്ടുന്നത്. അപ്പോൾത്തന്നെ അത് അവരെ ഏല്പിക്കുകയാണ്. അവർ കോൺട്രാക്ടർ കൊടുക്കും. അവരുടെ ഉത്തരവാദിത്വത്തിലാണ് സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നത്.

ശ്രീ. എം. ജിനദേവൻ : ഈ സംസ്ഥാനത്ത് സർക്കാർ ലേലം ചെയ്തു കൊടുത്തിട്ടുള്ള ചാരായ ഷാപ്പുകളിൽ വില്പനയ്ക്ക് ആവശ്യമായ സ്പിരിറ്റ്—ചാരായം—ഗവൺമെന്റ് കാട്ട അനുസരിച്ചും, അഡീഷണൽ കാട്ട അനുസരിച്ചും ഒക്കെ നേരത്തെ കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ ഗവൺമെന്റ് അത് കൊടുക്കുന്നില്ല. ചാരായഷാപ്പുകളിൽ വില്പനക്കാവശ്യമുള്ള ചാരായം കോൺട്രാക്ടർമാർ ഈ രൂപത്തിൽ കള്ളക്കടത്ത് ആയി കൊണ്ടുവന്നാണ് സംസ്ഥാനത്ത് ഇപ്പോൾ വിറ്റുകൊണ്ടിരിക്കുന്നത്. ഇത് തടയുന്നതിന് ഗവൺമെന്റ് ലേലം ചെയ്യുന്ന സമയത്ത് കോൺട്രാക്ടർമാരോട് പറയുന്ന കാട്ട അനുസരിച്ചുള്ള ചാരായം കൃത്യമായി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ? അങ്ങനെ നടപടി സ്വീകരിച്ചാൽ കള്ളക്കടത്ത് സ്വാഭാവികമായി ഇല്ലാതാക്കാൻ സാധിക്കും.

ശ്രീ. കെ. ശിവദാസൻ : ചാരായം കിട്ടുന്നില്ല എന്നുള്ള പരാതിയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ ഇല്ല. കഴിഞ്ഞ ഒന്നൊന്നരമാസത്തിനു മുൻപ് ഇവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി രണ്ട് കാട്ട ഒരുമിച്ച് കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇവർ കംപ്ലയിന്റ് ചെയ്യുന്നത് ധാരാളം ചാരായം അവിടെ കെട്ടിക്കിടപ്പുണ്ട്, മുഴുവൻ ആളുകളും എടുക്കുന്നില്ല എന്നാണ്;.

ശ്രീ. എം. ജിനദേവൻ : എന്തായാലും കള്ളക്കടത്ത് കള്ളക്കടത്ത് തന്നെയാണ്. അങ്ങനെ കള്ളക്കടത്തായി വരുന്ന ലോറിയും സ്പിരിറ്റും പിടിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ? പലപ്പോഴും വളരെ നിസ്സാരമായ സംഖ്യക്ക് കോംപൗണ്ട് ചെയ്ത് ഇവ വിട്ടുകൊടുക്കുന്ന നടപടിയാണ് ഇപ്പോൾ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കള്ളക്കടത്തിനുപയോഗിക്കുന്ന വാഹനങ്ങളും, സ്പിരിറ്റും വിട്ടുകൊടുക്കില്ലെന്ന് കർശനമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അത് കോൺഫിസ്ക്കേറ്റ് ചെയ്യുകയെന്നുള്ളതാണ് പ്രൊവിഷൻ. ചില സ്പെഷ്യൽ കേസ്സുകളിൽ, ഉദാ: ഓട്ടോറിക്ഷായോ, ബസ്സോ ആകുമ്പോൾ അതിന്റെ ഓണർ അറിഞ്ഞുകൊണ്ടല്ല. നിയമത്തിൽ അങ്ങനെ ഒരു പ്രൊവിഷനുണ്ട്, ചിലപ്പോൾ ഡ്രൈവർ തന്നെ കാര്യങ്ങൾ മനസ്സിലാക്കാതെ കയറ്റിക്കൊണ്ടുവരുന്ന അസാധാരണ സാഹചര്യത്തിൽ ഇവയ്ക്ക് മൊത്തം ബാങ്ക് ഗ്യാരന്റിവച്ച് വിടുന്ന ചില കേസ്സുകളുണ്ടായിട്ടുണ്ട്. കഴിയുന്നിടത്തോളം വളരെ കർശനമായി ഇവ കൊടുക്കാതിരിക്കത്തക്ക രീതിയിൽ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ : അനധികൃതമായി കൊണ്ടുവരപ്പെട്ട സ്പിരിറ്റ് കണ്ടുപിടിക്കപ്പെട്ടതിൽ എത്രയാളുകളെ ശിക്ഷിച്ചു എന്നുള്ളതിനെക്കുറിച്ച് ചോദിച്ചപ്പോൾ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് വ്യക്തമായി മറുപടി പറയാനാവില്ല വിവരം ശേഖരിച്ചുവരുന്നു എന്നാണ്. 22-7-1986-ൽ ചോദ്യം നമ്പർ 1904-ന് മറുപടിയായി അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പുമന്ത്രിയും ഇതേ മറുപടിതന്നെയാണ് നല്കിയിട്ടുള്ളത്. കഴിഞ്ഞ മൂന്നുമാസമായിട്ടും വിവരം ശേഖരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ശ്രീ. കെ ശിവദാസൻ : അഞ്ചുകൊല്ലത്തെ കണക്കായതുകൊണ്ട് റവന്യൂ ബോർഡിന്റെ പക്കലുള്ള മുഴുവൻ വിവരവും ഉടൻതന്നെ ഇവിടെ ലഭ്യമല്ലാതെവന്നു. ജില്ലാതലസ്ഥാനങ്ങളിൽ ഡി. സി. മാർവഴി ഉടനെ ഇതേക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തി. ടെലിഫോൺ വർക്ക് ചെയ്യാത്തതുകൊണ്ട് ഒരു വിധത്തിലും കാര്യങ്ങൾ അറിയാൻ സാധിക്കുന്നില്ല. ഈ മറുപടി കിട്ടിയതിനുശേഷം ഉണ്ടായ പരിശ്രമത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കുറേയൊക്കെ കിട്ടിയിട്ടുണ്ട്, പൂർണ്ണമല്ലാത്തതുകൊണ്ട് നിയമസഭയിൽ പറയാൻ നിവൃത്തിയില്ല എത്രയും വേഗം ആ കണക്കുകൾ ഇവിടെ വയ്ക്കുന്നതാണ്.

ശ്രീ. എ. കെ. പത്മനാഭൻ : നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി സ്പിരിറ്റ് കൊണ്ടുവരുന്നത് ഈയടുത്ത കാലത്ത് വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നും, അതിൽ ഗവൺമെന്റ് തലത്തിലുള്ള ഉന്നതൻമാരായ രാഷ്ട്രീയ നേതാക്കൻമാർക്കുപോലും പങ്കുണ്ടെന്നും "മലയാളമനോരമ" ഒരു ഫീച്ചർ പ്രസിദ്ധീകരിച്ചതിൽക്കൂടി അറിയാൻ കഴിഞ്ഞു. അങ്ങ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ രംഗത്ത് അനധികൃതമായി സ്പിരിറ്റ് കൊണ്ടുവരുന്നതിൽ കുറവുണ്ടായിട്ടുണ്ടോ ? അത് തടയാൻ അങ്ങേക്ക് കഴിഞ്ഞിട്ടുണ്ടോ ? ഇക്കാര്യത്തിലെങ്കിലും വ്യക്തമായൊരു മറുപടി പറയാൻ സാധിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഞാൻ ചാർജ്ജ് എടുത്തതിനുശേഷം അനധികൃതമായി കൊണ്ടുവരുന്ന സ്പിരിറ്റ് തടയുന്നതിന വേണ്ടി ഡിപ്പാർട്ട്മെന്റിലെ എൻഫോഴ്സ്മെന്റ് വിംഗിന്റെ മുഴുവൻ കോൺഫറൻസുകളും പല സ്റ്റേജുകളിലായി പലതവണ വിളിച്ചു കൂട്ടുകയും ഇങ്ങനെയൊരു കാര്യമുണ്ട്, അത് തടയേണ്ടതു നമ്മുടെ ബാദ്ധ്യതയാണ്, അതിന് നിങ്ങൾ ശക്തമായ നടപടികളും എടുക്കണമെന്നു പറയുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ചില പ്രൊപ്പോസൽസ് വന്നു. ഇപ്പോഴുള്ള ചെക്ക് പോസ്റ്റുകൾ അപര്യാപ്തമാണെന്നും, കൂടുതൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും, ചെക്ക് പോസ്റ്റിൽ ആഫീസേഴ്സിന്റെ സ്ട്രെങ്ത് കൂടുതൽ വേണമെന്നും, മൊബൈൽസ്കാഡും മറ്റും റീഡിപ്ലോയ്ചെയ്തു വേണ്ട രീതിയിൽ ചെയ്യണമെന്നും പറഞ്ഞു. അതിനുള്ള പ്രൊപ്പോസൽസ് ഇപ്പോഴും തയ്യാറായിക്കൊണ്ടിരിക്കുന്നു. വളരെ ശക്തമായ എൻഫോഴ്സ്മെന്റാണ് ഇപ്പോൾ നടക്കുന്നത്. ഇതിനുള്ള പുതിയ പ്രൊപ്പോസൽസ് നടക്കണം. സെൻട്രൽ ഗവൺമെന്റിന്റെ കീഴിൽ തന്നെ കസ്റ്റംസ് ആഫീസർ പിടിച്ചാൽ അവർക്കു 20 ശതമാനം വരെ റിവാഡ് കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. അങ്ങനെയൊരു സംവിധാനത്തെ പറ്റിയും ആലോചിച്ച് റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും തന്നെ വളരെ വലുതല്ലാത്ത രീതിയിൽ ഉള്ള ഒരു റിവാഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : പിടിച്ചെടുത്ത ചില കേസുകളിൽ ഉടമസ്ഥനും ഡ്രൈവറുമറിയാതെ സാധനം കയറ്റിയതിന്റെ ഫലമായി ചില വാഹനങ്ങളും വിട്ടുകൊടുത്തിട്ടുണ്ട് എന്നു പറഞ്ഞല്ലോ. ലോറികളുടെ നിറച്ചാണ് ചരക്കുകൊണ്ടുപോകുന്നത്. അവരറിയാതെ കയറ്റുന്നതല്ല. ഇങ്ങനെ രണ്ടാമതും മൂന്നാമതും പ്രാവശ്യം ഡ്രൈവർ അറിയാതെ ചരക്കു കൊണ്ടുവരുന്നുവെന്നാണ് നിങ്ങൾ സിദ്ധാന്തിക്കുന്നത്. ഇങ്ങനെ മൂന്നാ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ പ്രാവശ്യവും ബാങ്ക് ഗ്യാരൻറിക്ക് വിധേയമായിട്ട് വിട്ടുകൊടുത്തിട്ടുള്ള കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും അതിൻറെ ഉടമസ്ഥരുടെ പേരിൽ നടപടിയെടുക്കുന്നതിനും തയ്യാറാകുമോ ? അങ്ങ് വന്നതിനുശേഷമുള്ള കേസുകളാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. അങ്ങനെയുള്ള കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ വാഹനം തിരിച്ചുകൊടുക്കാതെ അവരുടെ പേരിൽ നടപടിയെടുക്കുവാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : മാതൃകാപരമായി അവരെ ശിക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്. മാതൃകാപരം എന്ന് വച്ചാൽ മറൊരാളും ഇതുപോലെ ചെയ്യാത്ത വിധത്തിൽ അവർക്ക് ശിക്ഷകൊടുക്കുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : മാതൃകാപരം എന്ന് പറഞ്ഞാൽ പലർക്കും പല മാതൃകയാണ്. അതുകൊണ്ടാണ് ചോദിച്ചത്. തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വലിയൊരു സംഘംതന്നെയുണ്ടെന്നുള്ളതാണ് വാസ്തവം. പത്രങ്ങളിലും വന്നതാണ്. ഇപ്പോൾ 100 കേസുകളുണ്ടെന്നും പറഞ്ഞു. അതിൽ ഡിപ്പാർട്ടുമെൻറ് കോമ്പൗണ്ടുചെയ്ത എത്ര കേസുകളുണ്ട്, കോടതിയിൽ കൊടുത്ത എത്ര കേസുകൾ ഉണ്ട് ? മിക്കവാറും കേസുകളിൽ ചെറിയ പിഴ ഈടാക്കി വിട്ടുകൊടുക്കുകയാണ് പൊതുവെ പറയുന്നത്. നാട്ടിൽ പറയുന്നത് അങ്ങേക്കും അതിൽ പങ്കുണ്ടെന്നാണ്. എനിക്കത് വിശ്വസിക്കാനേ കഴിയുന്നില്ല. അതുകൊണ്ട് ഡിപ്പാർട്ടുമെൻറ് കോമ്പൗണ്ടു ചെയ്ത കേസുകൾ എത്രയാണ് ? അതല്ല കോടതിയിൽത്തന്നെ കൊണ്ടുപോകും എന്നുള്ള നിലപാട് എടുക്കുകയുണ്ടായോ ?

ശ്രീ. കെ. ശിവദാസൻ : പൂർണ്ണമായ വിവരം ലഭിക്കുമ്പോൾ കോമ്പൗണ്ട് ചെയ്തത് എത്ര, കോടതിയിൽ പോകുന്നത് എത്ര എന്ന് പറയാം. എന്തായാലും കേസുകൾ കുറിക്കലും വിട്ടുപോകാത്ത രീതിയിലുള്ള കർശനമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഞാൻ ചോദിച്ചത് ഇങ്ങനെ എത്ര കേസുകൾ ഉണ്ട്, ഏതെല്ലാമാണ് നടപടികൾ എടുത്തത് എന്നാണ്. അതിന് വിവരം ശേഖരിക്കാൻ ബുദ്ധിമുട്ടില്ല. നൂറുകേസുകളാണെന്ന് പറഞ്ഞല്ലോ. ഈ നിയമസഭ തുടങ്ങിയതിനുശേഷം എല്ലാ കാര്യത്തിലും വിവരം ശേഖരിക്കുന്നു എന്നാണ് പറഞ്ഞത്. നൂറു കേസിൽ കോടതിയിൽ പോയതെത്ര ? കോമ്പൗണ്ടു ചെയ്ത് വിട്ടുകൊടുത്തത് എത്ര ? ഇത്രയെങ്കിലും ഡീറ്റെയിൽസ് പറയേണ്ടേ ? നൂറുകേസിൽ 92 കേസും ഡിപ്പാർട്ടുമെൻറ് കോമ്പൗണ്ടു ചെയ്തതാണ്. പ്രത്യേകം റേറ് നിശ്ചയിച്ച് ലോറി വിട്ടുകൊടുക്കുകയാണ് ചെയ്തത്. അങ്ങേയ്ക്ക് ഇക്കാര്യം അറിയാമോ എന്നു് എനിയ്ക്കറിയില്ല. അങ്ങ് ഈ കേസുമായി ബന്ധപ്പെടാൻ ഇടയില്ലല്ലോ. അതുകൊണ്ട് ഇക്കാര്യം ഒന്ന് വ്യക്തമായി പറയണം.

ശ്രീ. കെ. ശിവദാസൻ : ഈ 5 കൊല്ലത്തെയും വിവരം എൻറെ കൈവശം ഇല്ല. കഴിഞ്ഞകൊല്ലത്തെ വിവരം കൈവശം ഉണ്ട്. അത് വേണമെങ്കിൽ ഞാൻ വായിക്കാം. ദീർഘമായ ലിസ്റ്റാണ്. ഇതിൽ ലോറിയുടേതടക്കമുള്ള വിവരമുണ്ട്.

ലോറി നമ്പർ 928, കൈം നമ്പർ 1928, ചെങ്ങന്നൂർ റേഞ്ച് .....

ഡെപ്യൂട്ടി സ്പീക്കർ : ലിസ്റ്റ് വായിക്കണമെന്നില്ല. ചുരുക്കി പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : അഞ്ചുകൊല്ലത്തേയും പൂർണ്ണമായ ലിസ്റ്റ് എന്റെ കൈയിൽ ഇല്ലാത്തതുകൊണ്ടാണ് നിയമസഭയിൽ വയ്ക്കാത്തത്. കുറെ ലിസ്റ്റ് ഞാൻ കളക്ട് ചെയ്തിട്ടുണ്ട്. അത് ഭാഗികമായി വയ്ക്കാം എന്നാണ് പറഞ്ഞത്.

ശ്രീ. ബെന്നിബഹനാൻ : മറ്റ് സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുവേണ്ടിയിട്ട് സ്വകാര്യ ഏജൻസികൾക്ക് ഈ വിൻറെ ടെൻഡർ കൊടുത്തിട്ടുണ്ടോ ? അങ്ങനെ കൊടുത്തിരിക്കുന്നവരുടെ പേരു വ്യക്തമാക്കാമോ ? അവർക്കുത്തന്നെയാണോ രണ്ടാമതും ഇപ്പോഴും ടെൻഡർ കൊടുത്തിരിക്കുന്നത്, വിശദവിവരം വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : പൊതുമേഖലകളിലുള്ള മൂന്നു ഡിസ്റ്റിലറികൾക്കാണ് ഈ സ്പിരിറ്റ് ലിഫ്റ്റ് ചെയ്യുന്നതിന് അവകാശം കൊടുത്തിരിക്കുന്നത്. അവർ നേരിട്ട് കൊടുക്കുകയോ കോൺട്രാക്ടർമാർ മുഖേന കൊടുക്കുകയോ ചെയ്യുന്ന സിസ്റ്റം ആണ് നിലനിൽക്കുന്നത്. ആ കോർപ്പറേഷൻ ആർക്കാണ് കൊടുത്തിരിക്കുന്നത് എന്നുള്ള വിവരം എനിയ്ക്കില്ല.

ശ്രീ. ബന്നി ബഹനാൻ : ഏതെല്ലാം സ്വകാര്യവ്യക്തികൾക്കാണ് കൊടുത്തിരിക്കുന്നത് എന്നുള്ള വിവരം അറിയാമോ ? ഇത് മഹാരാഷ്ട്രയിൽ നിന്നും ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുവേണ്ടിയാണെന്ന് അറിയാമോ ?

ശ്രീ. കെ. ശിവദാസൻ : ഞാൻ പറഞ്ഞത് ഇൻഡഡ് ട്രീസ് ഡിപ്പാർട്ട്മെൻറിൻറെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിൽ പ്രവർത്തിക്കുന്ന മൂന്നു പൊതുമേഖല ഡിസ്റ്റിലറികൾക്കാണ് കൊടുക്കുന്നത് എന്നാണ്. ഞാൻ ചാർജ് എടുത്തതിനുശേഷം അവരോട് നോംസ് വയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ അഞ്ചു രൂപ 60 പൈസക്ക് മഹാരാഷ്ട്രയിൽ നിന്നു ലിഫ്റ്റ് ചെയ്യാമെന്ന് ഒരു കോൺട്രാക്ടറിൽ നിന്ന് കരാർ ലഭിച്ചു. അതു ശരിയല്ല, പത്രത്തിൽ പരസ്യപ്പെടുത്തി ടെൻഡർവിളിച്ച് ടെൻഡറിൽനിന്നും റീസണബിൾ ആയ ലോവസ്റ്റ് കൊട്ടേഷൻ കൊടുക്കണമെന്നും അതിന് ആവശ്യമായ സെക്യൂരിറ്റി മേടിക്കണമെന്നും ഗവൺമെൻറ് വീണ്ടും നിർദ്ദേശിച്ചതിൻറെ അടിസ്ഥാനത്തിൽ അങ്ങനെ അവർ ചെയ്തുകൊണ്ടിരിക്കുന്നതായിട്ടാണ്. വിവരം നൽകിയിരിക്കുന്നത്. ഒരു ഡിസ്റ്റിലറിക്ക് ഇതിൽ വിഷമമുണ്ടെന്ന് പറഞ്ഞതിനാൽ മൂന്നു പ്രാവശ്യം അവരുമായി കോൺഫറൻസ് നടത്തിയിരുന്നു. നിയമപ്രകാരം ഈ പ്രൊസീഡ്യുവർ അനുസരിച്ച് ചെയ്യണമെന്നും അല്ലെങ്കിൽ ഗവൺമെൻറിന് ഇത് അംഗീകരിക്കുന്നതിന് നിർബന്ധിപ്പിക്കേണ്ടിവരുമെന്നും അവരെ അറിയിച്ചിട്ടുണ്ട്. ആ നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബെന്നിബഹനാൻ പോദ്യത്തിനുത്തരമായി മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് ഈ സംസ്ഥാനത്തേക്ക് ട്രാൻസ്പോർട്ടേഷൻ ചെയ്യുന്നതിനുള്ള അവകാശം കൊടുത്തിട്ടുള്ളത് എന്നും അവർ പിന്നെ സ്വകാര്യ കോൺട്രാക്ടർമാർക്ക് കൊടുത്തിട്ടുണ്ടായിരിക്കാമെന്നും പറഞ്ഞു. കഴിഞ്ഞ കൊല്ലം ആ തരത്തിൽ സ്വകാര്യ കോൺട്രാക്ടർമാർക്ക് കൊടുത്തതിൽ ഒരു സ്വകാര്യ കോൺട്രാക്ടറുടെ ഫേമിൽ മുഖ്യമന്ത്രിയുടെ മകൻ പാർട്ണർ ആയിരുന്നുവെന്നും ആ ഫേംതന്നെ ഇക്കൊല്ലവും ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി മേടിക്കുന്നതിനായി പരിശ്രമിച്ചു വരികയാണെന്നും ഉള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : അങ്ങനെയൊരു ആരോപണം ഞാൻ കേട്ടിട്ടില്ല. ഇക്കൊല്ലവും അവർ തന്നിരിക്കുന്ന റിപ്പോർട്ട് അനുസരിച്ച് 5.60-ന് പുതിയ ഒരു ഫേമിന് അവർ കൊടുത്തുവെങ്കിലും പരാതി കിട്ടിയതനുസരിച്ച് അത് ക്യാൻസൽ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗവൺമെന്റിന് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പത്രത്തിൽ പരസ്യം ചെയ്ത് ടെൻഡർ വിളിച്ച് ലോവസ്റ്റ് കൊട്ടേഷൻ നോക്കി സെക്യൂരിറ്റിവേണമെങ്കിൽ അത് വാങ്ങി റീസണബിൾ ആയി ചെയ്യണം എന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു മാനേജിങ്ങ് ഡയറക്ടർ 3 രൂപ 30 പൈസക്ക് ലോവസ്റ്റ് ടെൻഡർ കൊടുത്തു എന്നാണ് ഇവിടെ ടെലഫോൺമൂലം എനിക്ക് കിട്ടിയ വിവരം. ഔദ്യോഗികമായ റിപ്പോർട്ട് വരാനിരിക്കുന്നതേയുള്ളൂ. മറെറാരു ഡിസ്റ്റിലറിയിൽ മൂന്നുരൂപയിൽകൂടിയ ഒരു ടെൻഡർ ആണ് ഇവിടെ ലോവസ്റ്റ് ടെൻഡർ ആയി വന്നതെന്ന് ആ എം. ഡി. യും ഫോൺമൂലം അറിയിച്ചിട്ടുണ്ട്. അല്ലാതെ റിട്ടൺ ആയിട്ടുള്ളതൊന്നും വന്നിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : കേരളത്തിന് വെളിയിൽനിന്നും സ്പിരിറ്റ് കൊണ്ടുവരുന്നതിനുള്ള പെർമിറ്റ് മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് കൊടുക്കുന്നതെന്ന് പറഞ്ഞു. അങ്ങനെ പെർമിറ്റു കൊടുത്ത് കൊണ്ടു വരുന്നതിനേക്കാൾ ഉപരിയായി സംസ്ഥാന എക്സൈസ് കാര്യത്തേയും പോലീസിന്റെയും സഹായത്തോടുകൂടി ലക്ഷക്കണക്കിന് ലിറർ സ്പിരിറ്റ് കൂടുതലായി കേരളത്തിൽ കൊണ്ടുവരുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിൽ ഗവൺമെന്റിന് പങ്കില്ലേ ?

ശ്രീ. കെ. ശിവദാസൻ : ഈ പറയുന്നത് ശരിയല്ല. അങ്ങനെയൊന്നും ചെയ്യുന്നതിനുള്ള സ്കോപ്പ് ഇതിലില്ല. പത്രത്തിൽ പരസ്യപ്പെടുത്തി ടെൻഡർ വിളിച്ച് ലോവസ്റ്റ് കൊട്ടേഷന് കൊടുക്കുകയെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് അഫക്ടഡ് പാർട്ടിസ് ഹൈക്കോടതിയിൽ പോയിട്ടുണ്ട്. ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് ഒരു സ്ഥാപനത്തിന് ഇപ്പോൾ കൊടുത്തിരിക്കുന്നത്. അതിൽ അഴിമതിയുടെ ഒരു സ്കോപ്പുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങ് ഉത്തരം പറഞ്ഞ കൂട്ടത്തിൽ ഇപ്പോൾ പുല്ലാ ഡിസ്റ്റിലറികളിലും ആവശ്യത്തിൽ കൂടുതൽ സ്റ്റോക്കുണ്ടെന്നു പറഞ്ഞു. 20 ലക്ഷം ലിറർ സ്പിരിറ്റ് തിരുവല്ലായിലെ ട്രാവൻകൂർ ഷുഗർ മില്ലിൽ സ്റ്റോക്കുണ്ട്. നിങ്ങൾ പറഞ്ഞു ആവശ്യത്തിൽകൂടുതൽ സ്റ്റോക്കുണ്ടാകുമ്പോൾ ടെൻഡർ വിളിച്ച് ആളെ ഏൽപ്പിക്കുകയാണ് പതിവെന്ന്. ആവശ്യത്തിൽകൂടുതൽ സ്റ്റോക്കുണ്ട് എന്ന് പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.

ശ്രീ. കെ. ശിവദാസൻ : ഇവിടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മഹാരാഷ്ട്രയിൽനിന്നോ ഉത്തർപ്രദേശത്തിൽനിന്നോ നമുക്കു ലൈസൻസ് കിട്ടുമ്പോൾ നമ്മൾ ഇത് ലിഫ്റ്റ് ചെയ്തു കൊള്ളും. ഒരു ആട്ടോമാറ്റിക് ഇയർ ഉണ്ട് ആ ഇയറിനുള്ളിൽ അത് ലിഫ്റ്റ് ചെയ്തിരിക്കണം. Automatically that will be lifted അതും ഇവിടെനിന്നും ലിഫ്റ്റ് ചെയ്തിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : അതിനു ലൈസൻസ് കിട്ടാത്തതാണ് കാരണം. ഞാൻ ആ നോട്ടിഫിക്കേഷൻ കണ്ടു. 'നിങ്ങൾ പതിനഞ്ചു ദിവസത്തിനകം ലൈസൻസ് വാങ്ങിച്ചു കൊള്ളണം' എന്നായിരുന്നു നോട്ടിഫിക്കേഷൻ. അല്ലാതെ ലൈസൻസോ പെർമിറോ കിട്ടിയതല്ല. ആവശ്യത്തിൽ കൂടുതൽ സ്റ്റോക്കിരിക്കുമ്പോൾ അങ്ങനെ വരാൻ കാരണമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : അതിന്റെ അർത്ഥം ശരിക്കും എനിക്ക് മനസ്സിലായില്ല. ഞാനതിന്റെ വസ്തുതകൾ പറയാം. ഒന്നരമാസത്തിനു മുമ്പ് സ്പിരിറ്റിന് വളരെ ഷോർട്ടേജുണ്ടായിരുന്നു. മഹാരാഷ്ട്രയിൽ നിന്നുവരെ സ്പിരിറ്റ് കിട്ടുന്നുണ്ടായിരുന്നില്ല. ഉത്തർപ്രദേശിൽ നിന്നു മാത്രം അനുവദിച്ചതിൽ നൂറു ലക്ഷം ലിറ്ററിൽ അൻപതുലക്ഷം ലിറ്റർ സ്പിരിറ്റ് മാത്രമേ കിട്ടുകയുള്ളൂ എന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നു. നേരത്തെ നിലവിലിരുന്ന റേറ്റനുസരിച്ച് ആർക്കെങ്കിലും കൊണ്ടുവരാമെങ്കിൽ കൊടുക്കുന്നതിനുവേണ്ടി ഡിസ്റ്റിലറികൾ പരിശ്രമം നടത്തിയിരുന്നു. ഒരുപക്ഷേ അടുത്തകാലത്ത് നടത്തിയ റെയ്ഡുകളിനെക്കുറിച്ചാണോ പറയുന്നതെന്ന് എനിക്കറിയില്ല. ഞാൻ ചാർജ്ജെടുത്തതിനുശേഷം സ്പിരിറ്റ് അവയ്ലബിളായതിനുശേഷം അവിടെ നിന്ന് അലോട്ട്ചെയ്തതല്ലാതെ എന്റെ അറിവിൽ കൊടുത്തിട്ടേയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം ഏതോ ബിസിനസ്സ് ചെയ്യുന്ന ആളുകൾ ഡയറക്ടറായിരിക്കാൻ പാടില്ലെന്നാണ്. പക്ഷേ ബൽഗാമിലെ ഡിസ്റ്റിലറികളിൽ ഒരു കോൺഗ്രസ് നേതാവും, കുപ്പുസ്വാമപ്പനാരുടെ ബന്ധുവും മുഖ്യമന്ത്രിയുടെ അടുത്ത സുഹൃത്തുമായ മുത്തുമാണിക്യം ചിറ്റൂർ ഷുഗർ ഫാക്ടറിയിലെ ഡയറക്ടറായിരിക്കുകയും, അദ്ദേഹത്തിന്റെ ബിനാമി ട്രാൻസ്പോർട്ടിംഗ് ഏജൻസിയെടുക്കുകയും ചെയ്തുകൊണ്ട് ഇവിടെ ലക്ഷക്കണക്കിന് രൂപയുടെ കള്ളക്കടത്ത് നടത്തുന്നു. അതിന്റെ പേരിൽ കോയമ്പത്തൂർ എസ്. പി., പാവം പയ്യൻ ആനേറാ, ബാബുതോമസ്, എറണാകുളത്തെ ഒരു ഡോക്ടർ എന്നിവരുടെപേരിൽ കേസെടുത്തിട്ടുണ്ട്. അവർ സ്ഥിരമായികള്ളക്കടത്ത് നടത്തുന്നുവെന്നും പറഞ്ഞു ഇവരുടെപേരിൽ ഗുണ്ടാ ആക്ടിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് എസ്. പി. ഇതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് ഗവൺമെൻറിനെ അറിയിച്ചിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ : ഇത്തരത്തിലുള്ള യാതൊരു വിവരവും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

കെ. എസ്. ആർ. ടി. സി. യിലെ കമ്പ്യൂട്ടർവൽക്കരണം

* 76. [78] ശ്രീ. സി. എഫ്. തോമസ് :
,, പി.സി. ജോർജ്ജ് :
,, ടി. എസ്. ജോൺ :
,, ഇ. ജെ. ലൂക്കോസ് :
,, വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ടിക്കറ്റ് കൊടുക്കുന്നതിന് ഇലക്ട്രോണിക് ഉപകരണം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly